മോഷ്ടിച്ചെടുത്ത ഭൂഖണ്ഡങ്ങൾ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

നമ്മെ പിടിച്ചുലയ്ക്കാൻ കരുത്തുള്ള പുസ്തകങ്ങൾ കയ്യിൽ വന്നുചേരുന്നത് അത്യപൂർവമായിട്ടാണ്. നമ്മിലെ അവശേഷിക്കുന്ന മാനവികതയെ, സംസ്കാരത്തെ ധർമബോധത്തെ സ്നേഹഭാവങ്ങളെ, കഠിനമായും ഉഗ്രമായും ക്ഷതപ്പെടുത്തുകയും വെല്ലുവിളിക്കുകയും ചെയ്യുന്ന ഹീന സംഭവങ്ങളെ സംബന്ധിക്കുന്ന വസ്തുതകൾ അങ്ങേയറ്റം സത്യസന്ധമായും, വസ്തുനിഷ്ഠമായും നിഷ്പക്ഷമായും ഒരു ഗ്രന്ഥകാരൻ അവതരിപ്പിച്ചിരിക്കുന്നത് വായിക്കുമ്പോഴാണ് ആകപ്പാടെ നാം അസ്വസ്ഥചുഴിയിൽ ആണ്ടുപോകുന്നത്. അന്നുവരെ സത്യമെന്നു കരുതിയ കാര്യങ്ങൾ തികച്ചും മിഥ്യയെന്നു വന്നുകൂടുകയാണിവിടെ. ഒരു ഗ്രന്ഥകാരൻ ഏതിൻെറയെങ്കിലും പക്ഷം പിടിച്ചു ശക്തിയായി വാദിക്കുമ്പോൾ, അനുവാചകരിൽ ഈ വിധത്തിലൊരു അവസ്ഥയുണ്ടാക്കുവാൻ സാധിക്കാറില്ല. ചരിത്രകാരന്മാരെന്ന് സ്വയമവകാശപ്പെടാറുള്ള പുസ്തകകർത്താക്കളിലേറെപ്പേരുടെയും അവസ്ഥയിതു തന്നെ. ചരിത്രം, വ്യക്തിയുടെതോ സമൂഹത്തിൻെറയോ രാജ്യത്തിൻെറയോ, ആയാലും മുൻ വിധിയോടു കൂടിയതോ ഏക പക്ഷീയമോ ആയിട്ടാണ് അധികവും ചമയ്ക്കപ്പെടുന്നത്. സ്പഷ്ടമായി തെളിഞ്ഞാൽ പോലും പല പരമസത്യങ്ങളും പലരും പുറത്തുപറയാറില്ല. ഐക്യരാഷ്ട്ര സഭയുടെ അംശമായ യുനെസ്കോ പ്രസിദ്ധീകരിച്ചിട്ടുള്ള ചരിത്രഗ്രന്ഥങ്ങളിൽ പോലും ഈ പാകപ്പിഴ കുറഞ്ഞ തോതിലല്ല കൂടിയേറിയിട്ടുള്ളത്.

പാശ്ചാത്യപ്രാഭവത്തിൻെറ വളർച്ച, പ്രചാരം, അനിഷേധ്യത-തുടങ്ങിയവ അവരുടെ വക്താക്കളിലൂടെ ലോകമെമ്പാടും പരന്നപ്പോൾ, വെള്ളക്കാരൻെറ വിലയിരുത്തലും, വീക്ഷണകോണിലുമുള്ള മൂല്യ നിർണയങ്ങളുമാണ് പാണ്ഡിത്യത്തിൻെറ മുഖമുദ്രയെന്നു വന്നുകൂടി. പാശ്ചാത്യേതരമായതേതും പരമനിസാരമെന്ന മനോഭാവം വെള്ളക്കാരിൽ മാത്രമല്ല മറ്റു ദേശങ്ങളിലെ ''പുതിയ പണ്ഡിതന്മാരിലും ശക്തിപ്രാപിച്ചു. ഈ പുതിയ പണ്ഡിതന്മാരിലൂടെയാണ്, യൂറോപ്യന്മാരിലൂടെ വന്നതിനെക്കാൾ വലിയ ആപത്ത്, യൂറോപ്യേതര രാജ്യങ്ങളിൽ സംഭവിച്ചത്. ഇക്കാര്യങ്ങൾ സ്വാനുഭവങ്ങളിലൂടെ സാക്ഷ്യപ്പെടുത്താൻ ഭാരതീയരായ നമുക്കു സാധിക്കും. അതുകൊണ്ട് അവയിൽ കടക്കേണ്ട കാര്യമില്ല. ആസരണിവിട്ടു സഞ്ചരിക്കാൻ ഇന്നു കരുത്തും കരുക്കളുമുള്ളവർ കുറവല്ല. അവരാണ് ചരിത്രം പൊളിച്ചെഴുതാൻ ശ്രമിക്കുന്നതും മുറവിളികൂട്ടുന്നതും. ലോകത്തെല്ലാ രാജ്യങ്ങളിലുമുണ്ടായിട്ടുള്ള ഒരു നവതരംഗമാണിത്. പ്രത്യേകിച്ചും ഏഷ്യ, ആഫ്രിക്ക, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിൽ.

കൊളംബസ്'' പുതിയലോകം'' കണ്ടെത്തിയതിൻെറ പഞ്ചശത വാർഷികം 1992-ൽ യൂറോപ്യന്മാർ



വലിയതോതിൽ ആഘോഷിക്കുകയുണ്ടായി. വെള്ളക്കാരായ ചരിത്രകാരന്മാരും, അവരുടെ ദുർബലപ്പതിപ്പുകളായ '' നാട്ടാശ്ശാന്മാ''രും, കൊളംബസിൻെറ സഞ്ചാരവിജയത്താലുളവായ സംഭവപരമ്പരകൾ മാനവരാശിയുടെ മഹത്തായ കാലഘട്ടത്തിൻെറ നവോദയമായിട്ടാണ് വിലയിരുത്തിയതും വിവരിച്ചതും. വസ്തുതകൾക്കു നിരക്കാത്തതും, ഏകപക്ഷീയവുമായ അവകാശവാദങ്ങളായിട്ടാണ് കൂടുതൽ കൂടുതൽ സത്യങ്ങൾ പുറത്തുവരുന്നതോടുകൂടി ഇന്നു തെളിയുന്നത്. പണ്ട് വെള്ളക്കാർക്ക് ''പുതിയ ലോക''മായി തോന്നിയ പ്രദേശങ്ങളിൽ, അക്കാലത്തെ യൂറോപ്യന്മാരുടെ അവസ്ഥയെക്കാൾ മഹത്വവും മുന്നേറ്റവും നേടിയ പ്രാചീനസംസ്കാരങ്ങൾ നിലനിന്നിരുന്നു. പാശ്ചാത്യർ അവിടെ ചെന്നതോടുകൂടി സംഭവിച്ചത് നവയുഗപ്പിറവിയായിരുന്നില്ല; മറിച്ച് സമഗ്രസംഹാരത്തിൻെറ ആരംഭമായിരുന്നു. സഹസ്രാബ്ദങ്ങളായി അവിടെ ജീവിച്ചുവന്ന പല ആദിമ ജനജാതികളുടെ സമൂല നിർമാർജനത്തിലൂടെയാണ്, അവിടെ വെള്ളക്കാർക്ക് കുടിയുറയ്ക്കുന്നതിനുള്ള നിലമൊരുങ്ങിയത്. വർണോജ്ജ്വലമായ വിജയത്തിൻെറ വിവരണം അവർ അവതരിപ്പിച്ചപ്പോൾ, മുമ്പൊരിടത്തുമുണ്ടായിട്ടില്ലാത്തത്ര ഉഗ്രമായ ക്രൂരതയും, വിശ്വാസവഞ്ചനയും കനകക്കൊതിവരുത്തിയ കൊള്ളയും കൊള്ളിവെയ്പ്പും മാത്രമല്ല വെള്ളക്കാർ മന:പൂർവ്വം പരത്തിയ മഹാമാരികൾ വരുത്തിയ ദുരിതമരണങ്ങളും അത്യാഹിതങ്ങളും മന:പൂർവ്വം വിസ്മരിക്കുകയുണ്ടായി. ഒന്നിനുപുറകെയൊന്നായി ഇന്ന് വെളിയിൽവന്നുകൊണ്ടിരിക്കുന്നത് അത്തരം അത്യാഹിതങ്ങളുടെ വസ്തുതകളാണ്.

പാശ്ചാത്യപ്രാഭവ വികാസത്തിൻെറ ഫലമായി ലോകത്തെല്ലായിടത്തുമുള്ള ഭൂഖണ്ഡങ്ങളിൽ അവരുടെ കോളനിവാഴ്ച വന്നു. ഇന്ന് ഏഷ്യയിൽ നിന്നും ആഫ്രിക്കയിൽ നിന്നും അവർ പിന്മാറിയിരിക്കുന്നു. എന്നാൽ അമേരിക്കകളിൽ നിന്നു മാത്രമല്ല ആസ്ട്രേലിയ തുടങ്ങിയ മറ്റുചില ഭൂഭാഗങ്ങളിൽ നിന്നും അവർ പിന്മാറിയില്ല. തിരിച്ചുപോയില്ല. പിന്മാറുകയുമില്ല. അവിടം മോഷ്ടിച്ചെടുത്ത് അവർ അവടെ കുടിയുറപ്പിച്ചിരിക്കുകയാണ്.ആ കുടിയേറ്റത്തിൻെറ കഥ, അവിടത്തെ ആദിമ ജനജാതികളുടെ അത്യഗാധമായ അത്യാഹിതത്തിൻെറ ഇതിഹാസമാണു ചരിത്രത്തിനു നല്കിയിരിക്കുന്നത്. വിരുന്നു കേറിയവൻ വീട്ടുകാരനായ ലളിതമായ കഥയല്ല; പഴയതെല്ലാം പാടെ നശിപ്പിച്ചു, പഴയവരെയൊക്കെ സമഗ്രമായി സംഹരിച്ച് അതിക്രമിച്ചു കടന്നവൻ അധിപതിയായി തീർന്നതിൻെറ അതിദുരന്തകഥകൾ!

അമേരിക്കൻ ഭൂഖണ്ഡങ്ങളിലെ ആസ്ടെക്, മായാ, ഇങ്കാ, ചെറോകീ, ഇറാകിയോസ് എന്നീ ജനജാതികളുടെ അവസ്ഥയെ ആധാരമാക്കി ഈ അത്യാഹിതത്തിൻെറ സമഗ്രസ്വഭാവവും ആഴവും പരപ്പും ആവുന്നത്ര ആധികാരികങ്ങളായ വസ്തുതകളെ അടിസ്ഥാനപ്പെടുത്തി അനാവരണം ചെയ്യുന്ന ഒരു അസാധാരണ ഗ്രന്ഥം ഈയിടെ വായിക്കാനിടയായി. അത് അന്യരുടെ ശ്രദ്ധയിൽ പെടുത്താനാണ് ഈ കൊച്ചുലേഖനം. Stolen Continents (The Indian Story) by Ronald Wright: John Murray Publishers, London 1992- എന്നാണതിൻെറ പേര്. യുറോപ്യന്മാരുടെ ആക്രമണം, തദ്ദേശീയജനജാതികളുടെ എതിർപ്പ്, പ്രാചീന ജനങ്ങളു

(ശേഷം നാലാംപുറത്തിൽ)

മോഷ്ടിച്ചെടുത്ത ഭൂഖണ്ഡങ്ങൾ

(രണ്ടാംപുറം തുടർച്ച)

ടെ പുനർജന്മം-എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി വീതിച്ചാണ് ചരിത്രകാര്യങ്ങൾ നല്കിയിരിക്കുന്നത്.

പുതിയ ലോകമെന്നു യൂറോപ്യന്മാർ വിവരിച്ച ഭൂഖണ്ഡങ്ങളുടെ നാമമോ അവിടെയിന്നു നിലവിലുള്ള സ്വതന്ത്രരാജ്യങ്ങളുടെ പേരോ, അമേരിക്കനിന്ത്യക്കാരെന്നു മൊത്തത്തിൽ വിളിക്കുന്നവരുടെ വർഗ്ഗ-ജാതി നാമങ്ങളോ ഒന്നും തനതായ നാട്ടുനാമങ്ങളല്ല! വെള്ളക്കാരിട്ടപേരുകളാണ്. അവിടത്തുകാർക്ക് അവരുടേതായ പേരും, നല്ലമേൽവിലാസം കൊടുക്കുന്ന ദീർഘചരിത്രവും സംസ്കാരവും സമ്പത്തും ഉണ്ടായിരുന്നിട്ടും വെളളക്കാരിതൊക്കെ മാറ്റി മറിക്കുക മാത്രമല്ല, മറയ്ക്കകയുമുണ്ടായി!

യൂറോപ്യന്മാർ അവിടെ എത്തിയകാലത്ത്, യൂറോപ്പിലെ വലിയ നഗരങ്ങളായ ലണ്ടൻ, പാരീസ്, റോം, ലിസ്ബൺ, ഏഥൻസ് തുടങ്ങിയ പട്ടണങ്ങളെക്കാൾ പതിന്മടങ്ങു പെരിയ നഗരങ്ങൾ, അമേരിക്കകളിലെ ആദിമസംസ്കാരങ്ങളുടെ പെരുമ പ്രകാശിപ്പിച്ചുകൊണ്ടു പലയിടത്തും വിരാജിച്ചിരുന്നു. സംവിധാനനിർമാണങ്ങളിലും വലിപ്പനീളങ്ങളിലും യൂറോപ്പിലെ റോഡുകളേക്കാൾ എത്രയോ വലിയ നിരത്തു ശൃംഖലകളാണ് അമേരിക്കകളിലന്നുണ്ടായിരുന്നത്! അവയൊക്കെയിടിച്ചുനിരത്തിയും നശിപ്പിച്ചും സമഗ്രസമൂഹസംഹാരത്തിലൂടെ കുലനാശമുണ്ടാക്കിയുമാണ് വെള്ളക്കാർ അവിടങ്ങളിൽ കുടിയേറിയതും കുടിയുറപ്പിച്ചതും! ഇവയെ സംബന്ധിക്കുന്ന കാര്യങ്ങളിൽ പലതും ഈ പുസ്തകത്തിൻെറ താളുകളിലെ കറുത്ത ലിപികളിൽ അടങ്ങിയിട്ടുണ്ട്. നമ്മുടെ മനുഷ്യസ്നേഹം, മൂല്യസങ്കല്പങ്ങൾ, ധർമബോധം തുടങ്ങിയവയെ അസ്വസ്ഥമാക്കുകയും വ്യണപ്പെടുത്തുകയും ചെയ്യുന്ന എന്തൊക്കെ വസ്തുതകളാണിവിടെ വിവരിച്ചിരിക്കുന്നത്! വെള്ളക്കാരായ ചരിത്രകാരന്മാർ ''ഹിറോ'' മാരായി കൊട്ടിഘോഷിക്കുന്ന കോർട്സ് (Hernan Cortes) പിസ്സാറോ (Francisco Pizarro) തുടങ്ങിയവരുടെ ക്രൂരത, കനകാർത്തി, ചതിപ്രയോഗം, നീതിരാഹിത്യം തുടങ്ങിയവയ്ക്ക്, ഉദാഹരണങ്ങളായ എത്രയെത്ര സംഭവങ്ങളാണുള്ളത്. ആസ്ടെക്, മായാ, ഇങ്ക തുടങ്ങിയ ഔന്നത്യമാർജിച്ച സംസ്കാരങ്ങളുടെ ചില സവിശേഷതകൾ, നേട്ടങ്ങൾ, സങ്കേതങ്ങൾ തുടങ്ങിയവയും ഗ്രന്ഥകാരൻ വിസ്മരിച്ചിട്ടില്ല.